"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - താമരശ്ശേരി, വേളംകോട് സെന്റ് ജോർജ്ജ് ഹയർസെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി.നമിത മോഹന് ശൂന്യവേതനാവധി - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3963/2025/GEDN തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:- താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23.01.2024 തീയതിയിലെ ഡിഇഒറ്റിഎസ്വൈ/4213/2023-എ2 നമ്പർ കത്ത്.

**ഉത്തരവ്**

താമരശ്ശേരി, വേളംകോട് സെന്റ് ജോർജ്ജ് ഹയർസെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി.നമിത മോഹന് ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അപേക്ഷിച്ചിട്ടുണ്ട്.

2. 08.02.2019 മുതൽ 08.05.2019 വരെയും തുടർന്ന് 09.05.2019 മുതൽ 06.08.2019 വരെയുള്ള 180 ദിവസത്തെ ശൂന്യവേതനാവധിയും 13.08.2019 മുതൽ 10.10.2019 വരെയും തുടർന്ന് 11.10.2019 മുതൽ 08.01.2020 വരെയുമുള്ള 149 ദിവസത്തെ ശൂന്യവേതനാവധിയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനാണ് അപേക്ഷ സമർച്ചിരിക്കുന്നത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 14.06.1994 ലെ സർക്കുലർ നം. 36/1994/ധന പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയ്ക്ക് അപേക്ഷിയ്ക്കുന്നവർ കൃത്യസമയത്ത് അവധി അപേക്ഷ സമർപ്പിക്കേണ്ടതും രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടപ്പെടുത്താതിരിക്കേണ്ടതുമാണ്. കൂടാതെ, 06-01-1966 ലെ Memorandum No.98079/SD3/65/PD പ്രകാരം piecemeal ആയി അവധി അപേക്ഷകൾ സമർപ്പിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന രണ്ടാം വൈദ്യപരിശോധനയുടെ അവസരം നഷ്ടമായതിനാൽ ശ്രീമതി.നമിത മോഹന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യം അനുവദിക്കാനാകില്ല. വേളംകോട്, സെന്റ് ജോർജ്ജ് ഹയർസെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി.നമിത മോഹന് 08.02.2019 മുതൽ 06.08.2019 വരെയും, 13.08.2019 മുതൽ 08.01.2020 വരെയും പ്രസ്തുത കാലയളവുകൾ ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE

അണ്ടർ സെക്രട്ടറി

ശ്രീമതി.നമിത മോഹൻ, ഓഫീസ് അറ്റൻഡന്റ്, സെന്റ് ജോർജ്ജ് ഹയർ സെക്കന്ററി സ്കൂൾ, വേളംകോട്, കോഴിക്കോട്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്.

ധനകാര്യവകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 20-06-2025 11:15:25

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസിന്

പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.